**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1910** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാസർകോട് ഫിഷറീസ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ഫിഷറീസ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്തത് എപ്പോഴാണെന്ന് അറിയിക്കാമോ; | (എ) | 2022 ഏപ്രിൽ 4-ന് കാസർഗോഡ് ഫിഷറീസ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്തു. |
| (ബി) | പ്രസ്തുത ഫിഷറീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന നിയോജകമണ്ഡലം, വില്ലേജ്, പഞ്ചായത്ത്/ മുൻസിപ്പാലിറ്റി എന്നിവ ഏതാണെന്ന് അറിയിക്കാമോ; സ്ഥലത്തിന്റെ റീസർവ്വേ നമ്പർ എത്രയെന്നും വിസ്തീർണം എത്രയെന്നും വ്യക്തമാക്കുമോ?; | (ബി) | ഉദുമ നിയോജക മണ്ഡലത്തിൽ കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ തളങ്കര വില്ലേജിൽ റീ-സർവ്വെ നം.129/A-ൽ കാസർഗോഡ് ഫിഷറീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നു. പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണ്ണം 0.10 ഏക്കർ ആണ്. |
| (സി) | എത്ര വർഷങ്ങൾക്കുമുമ്പ് എത്ര രൂപ ചെലവഴിച്ചാണ് പ്രസ്തുത സ്റ്റേഷൻ നിർമിച്ചതെന്നും നിർമാണം എത്ര വർഷം കൊണ്ട് പൂർത്തീകരിച്ചുവെന്നും ഉദ്ഘാടനത്തിന് കാലതാമസമുണ്ടായത് എന്തു കൊണ്ടാണെന്നും വ്യക്തമാക്കുമോ; | (സി) | 2013-14 സാമ്പത്തിക വർഷത്തിലെ നബാർഡിന്റെ ഗ്രാമീണാടിസ്ഥാന സൗകര്യവികസന പദ്ധതി ട്രാൻജെ 19-ൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയുടെ ഭരണാനുമതി 13/09/2013-ൽ ലഭിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി 45.00 ലക്ഷം രൂപയ്ക്ക് പൂർത്തിയാക്കി 08/03/2017-ൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കാസർഗോഡിന് കൈമാറിയിരുന്നു. പ്രസ്തുത ഫിഷറീസ് സ്റ്റേഷന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുണ്ടായ കാലതാമസം കാരണമാണ് പൂർത്തീകരിച്ച കെട്ടിടം ഉദ്ഘാടനം ചെയ്യുന്നതിന് കാലതാമസമുണ്ടായത്. |
| (ഡി) | പ്രസ്തുത സ്റ്റേഷനിൽ ഏതെല്ലാം തസ്തികകൾക്കാണ് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്; ഇവയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെ; വ്യക്തമാക്കുമോ; | (ഡി) | കാസർഗോഡ് ഫിഷറീസ് സ്റ്റേഷനിൽ ചുവടെ ചേർക്കുന്ന തസ്തികകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്.<br><br>ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ – 1<br><br>അസിസ്റ്റന്റ്ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ - 1<br><br>ഫിഷറീസ് ഓഫീസർ - 1 |

| | | | |
|---|---|---|---|
| | | | ഫിഷറീസ് ഗാർഡ് - 3<br><br>ക്ലർക്ക് കം ടൈപ്പിസ്റ്റ് - 1<br><br>ഓഫീസ് അറ്റന്റന്റ് - 1<br><br>കാഷ്വൽ സ്വീപ്പർ - 1<br><br>ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ചുവടെ ചേർക്കുന്ന പ്രകാരമാണ്.<br><br>ഫിഷറീസ് ഓഫീസർ - 1<br><br>ക്ലർക്ക് കം ടൈപ്പിസ്റ്റ് - 1<br><br>ഓഫീസ് അറ്റന്റന്റ് - 1<br><br>കാഷ്വൽ സ്വീപ്പർ - 1<br><br>ഫിഷറീസ് ഗാർഡ് - 1 |
| (ഇ) | തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിൽ എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നുവെന്നും എപ്പോൾ നികത്തുമെന്നും അറിയിക്കാമോ; | (ഇ) | ഫിഷറീസ് ഓഫീസർ, ഓഫീസ് അറ്റൻഡന്റ്, കാഷ്വൽ സ്വീപ്പർ തസ്തികയിൽ നിലവിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ഫിഷറീസ് ഓഫീസർ, ക്ലർക്ക് കം ടൈപ്പിസ്റ്റ്, ഓഫീസ് അറ്റന്റന്റ് തസ്തികകൾ പുതുതായി സൃഷ്ടിച്ച തസ്തികകളായതിനാൽ പി.എസ്.സി/ എംപ്ലോയ്മെന്റ് വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ഫിഷറീസ് ഗാർഡ് പോലീസിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ തസ്തികയാണ്. അതിലേയ്ക്കുള്ള നിയമന നടപടി പോലീസ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു. |
| (എഫ്) | ഈ സ്റ്റേഷനിലെ നിലവിലെ പരാധീനതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ശുദ്ധജലം, രക്ഷാപ്രവർത്തന ബോട്ട്, രാത്രി കടൽ - പുഴ നിരീക്ഷണത്തിനുതകുന്ന വെളിച്ചം തുടങ്ങിയ സംവിധാനങ്ങൾ ഇവിടെ ഉണ്ടോയെന്ന് വ്യക്തമാക്കാമോ? | (എഫ്) | കടൽരക്ഷാ പ്രവർത്തനത്തിനും, കടൽ പട്രോളിംഗിനുമായി ഒരു റസ്ക്യൂ ബോട്ടും, 4 ലൈഫ് ഗാർഡുകളെയും സജ്ജമാക്കുകയും 24 മണിക്കൂറും അവരുടെ സേവനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. സ്ഥിരം ജീവനക്കാരിൽ ആദ്യഘട്ടം എന്ന നിലയിൽ അത്യാവശ്യം വേണ്ട ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഭാവിയിൽ അധിക ജീവനക്കാർ ആവശ്യമാണെന്ന് കാണുന്ന പക്ഷം നിയമനം നടത്തുന്ന കാര്യം പരിശോധിക്കും. വാഹനം, രാത്രി നിരീക്ഷണത്തിനുള്ള ലൈറ്റ് എന്നിവ വാങ്ങുന്നതിന് നടപ്പ് സാമ്പത്തിക വർഷം ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കുഴൽക്കിണർ നിർമ്മിച്ച് ശുദ്ധജല ലഭ്യതയും ഉറപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ